# ക്ലിങ്കർ ഫാക്ടറി: ജനരോഷം ശക്തം; പൊതുതെളിവെടുപ്പ് 24ന്

സ്വന്തം ലേഖകൻ

തൃശ്ശൂർ: കൊടുങ്ങല്ലൂർ താലൂക്കിൽ എറിയാട് പഞ്ചായത്തിൽ സൗരാഷ്ട്ര സിമന്റ്സ് ലിമിറ്റഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന ക്ലിങ്കർഫാക്ടറിക്കെതിരെ ജനരോഷം ശക്തമായി. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഒറ്റക്കെട്ടായാണ് പ്രദേശത്തെ ജനങ്ങൾ പ്രക്ഷോഭത്തിനിറങ്ങിയിട്ടുള്ളത്. അതിനിടെ ഫാക്ടറിയുമായി ബന്ധപ്പെട്ട പൊതുതെളിവെടുപ്പ് 24ന് നടക്കും. രാവിലെ 11ന് തൃശ്ശൂർ കളക്ട്രേറ്റിലാണ് പൊതുതെളിവെടുപ്പ്.

ഫാക്ടറിക്കെതിരെ ശക്തമായ പ്രക്ഷോഭപരിപാടികളാണ് കൊടുങ്ങല്ലൂരിലും പരിസരപ്രദേശങ്ങളിലും ആസൂത്രണം ചെയ്തിട്ടുള്ളത്. ഫാക്ടറി സൃഷ്ടിക്കുന്ന വിപത്ത് ബോധ്യപ്പെടുത്താൻ ഫാക്ടറി വിരുദ്ധസമിതിയുടെ നേതൃത്വത്തിൽ സമരപ്രചരണജാഥ, പൊതുയോഗങ്ങൾ, പ്രതിഷേധ പ്രകടനങ്ങൾ, സാംസ്കാരികനായകർ പങ്കെടുത്ത കൂട്ട ഉപവാസം തുടങ്ങിയവ സംഘടിപ്പിച്ചു. പൊതുതെളിവെടുപ്പ് പദ്ധതിപ്രദേശത്ത് നടത്താത്തതിൽ പ്രതിഷേധിച്ച് അഴീക്കോട് ഹമദാനിയ യു.പി. സ്കൂളിൽ ജനകീയ ഹിയറിങ്ങും സംഘടിപ്പിച്ചിരുന്നു.

പ്രദേശത്തെ രാഷ്ട്രീയപാർട്ടികളും വിവിധ സംഘടനകളും സമരത്തിൽ സജീവമായാണ് ഇടപെടുന്നത്. ഉമേഷ് ചള്ളിയിൽ എം.എൽ.എയും ഫാക്ടറിക്കെതിരെ രംഗത്തു വന്നിട്ടുണ്ട്.

എറിയാട് പഞ്ചായത്തും ഫാക്ടറി നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രദേശത്തിന് സമീപമുള്ള സെന്റ്.ആൻസ് കോൺവെന്റ് ഗേൾസ് ഹൈസ്കൂളും ഫാക്ടറിക്കെതിരെ പ്രമേയം പാസാക്കിയിട്ടുണ്ട്.

സിമന്റ് നിർമ്മാണത്തിലെ അവസാനഘട്ടമായ ക്ലിങ്കർ നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ ഫാക്ടറി പ്രതിവർഷം 600000ടൺ ഉല്പാദനശേഷിയുള്ളതാണ്. സൗരാഷ്ട്ര സിമന്റ്സിന്റെ ഗുജറാത്തിലെ ഫാക്ടറിയിൽ നിന്നും കപ്പൽമാർഗം ക്ലിങ്കർ കൊടുങ്ങല്ലൂരിലെത്തിച്ച് പൊടിക്കുകയാണ് ലക്ഷ്യം. ഇതിനോടനുബന്ധിച്ച് നിലവിലുള്ള മുനമ്പം തുറമുഖ വികസനവും ഉദ്ദേശിക്കുന്നുണ്ട്.

തിരുവനന്തപുരത്തെ റീജ്യണൽ റിസർച്ച് ലാബോറട്ടറി പരിസ്ഥിതി ആഘാതെ പഠനം നടത്തി പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഈ പ്രദേശത്ത് വൻപ്രത്യാഘാതങ്ങളാണ് ക്ലിങ്കർ ഫാക്ടറി സൃഷ്ടിക്കുക എന്നാണ് കണക്കാക്കപ്പെടുന്നത്. മത്സ്യതൊഴിലാളികൾ ഉൾപ്പടെയുള്ളവർ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് സ്ഥാപിക്കുന്ന ഫാക്ടറിയുടെ 200മീറ്റർ ചുറ്റളവിൽ ഒരു സ്കൂളും 100 മീറ്റർ ചുറ്റളവിൽ സർക്കാർ ഹാച്ചറിയും നിലവിലുണ്ട്. ഫാക്ടറിയിൽ നിന്നുള്ള പൊടിപടലങ്ങൾ, ട്രക്കുകൾ ഓടുമ്പോഴുണ്ടാകുന്ന അന്തരീക്ഷമലിനീകരണം എന്നിവ ശ്വാസകോശരോഗങ്ങൾക്ക് വഴിയൊരുക്കിയേക്കും. കായലിലെയും കടലിലെയും മത്സ്യസമ്പത്തിനേയും ഫാക്ടറി ദോഷകരമായി ബാധിക്കും. ഇ

ശേഷം പേജ് 5

# ക്ലിങ്കർ ഫാക്ടറി: ജനരോഷം ശക്തം; പൊതുതെളിവെടുപ്പ് 24ന്

1-ാം പേജ് തുടർച്ച

ഢജലക്ഷാമത്തിനും ഫാക്ടറി ഇടവരുത്തുമെന്നാണ് കണക്കാക്കപ്പെടുന്നത്.

ഫാക്ടറിയുമായി ബന്ധപ്പെട്ട് നടത്താനുദ്ദേശിക്കുന്ന തുറമുഖ വികസനത്തിലും അവ്യക്തതകളുണ്ട്. ചരിത്രസ്മൃതികളുറങ്ങുന്ന ഈ പ്രദേശത്തെ തുറമുഖം സൗരാഷ്ട്ര സിമന്റ് കമ്പനിയുടെ കുത്തകയായി മാറുമോ എന്നതാണ് ആശങ്ക. ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സുതാര്യമല്ല എന്നത് സംശയങ്ങൾ ബലപ്പെടുത്തുന്നു.

അമ്പതോളം പേർക്കു മാത്രം തൊഴിൽ ലഭിച്ചേക്കുമെന്ന കാരണത്താൽ നാടിനേയും ജീവിതത്തേയും നശിപ്പിക്കുന്ന ക്ലിങ്കർ ഫാക്ടറി തുടങ്ങാനനുവദിക്കില്ല എന്ന നിശ്ചയദാർഢ്യത്തിലാണ് നാട്ടുകാർ.